(ബി) 2014-15 ബഡ്ജറ്റിൽ 2500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി തുക പൂർണ്ണമായി ചെലവഴിച്ചതിനെത്തുടർന്ന് 1000 ലക്ഷം രൂപ കൂടി റീ-അപ്രോപ്രിയേഷനിലൂടെ അനുവദിക്കുകയും 3450 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനുള്ള തുക

308 (974) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനുള്ള തുക ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പ്രാവശ്യം വർദ്ധിപ്പിച്ചുവെന്നും ഇപ്പോൾ എത്ര രൂപയാണ് നൽകുന്നതെന്നും ആയത് എന്നുമുതൽ പ്രാബല്യത്തിലാണ് വർദ്ധിപ്പിച്ചു നൽകിയതെന്നും വിശദമാക്കുമോ ;

(ബി) ഈ സർക്കാർ വന്നതിനുശേഷം എസ്.സി. വിഭാഗങ്ങൾക്ക് എത്ര വീടുകളാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്; വർഷവും ജില്ലയും തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതിൽ എത്ര വീടുകൾക്ക് എല്ലാ ഗഡുക്കളും അനുവദിച്ചിട്ടുണ്ട് ; ഇതുവരെ എത്ര വീടുകൾ പൂർത്തീകരിച്ചു ; വർഷവും ജില്ലയും തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഓരോ വർഷവും അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ ധനസഹായതുക രണ്ടുതവണ വർദ്ധിപ്പിച്ചിട്ടുണ്ട്. 2014-15 മുതൽ അനുവദിക്കുന്ന പുതിയ വീടുകൾക്ക് 11-7-2014-ലെ സ.ഉ.(കൈ) നമ്പർ 42/2014/പജ.പവ.വിവ. നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച നിരക്കായ 3 ലക്ഷം രൂപയാണ് ഭവനനിർമ്മാണ ധനസഹായമായി നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

2007-08 മുതൽ 2013-14 വരെ വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ച ഗുണഭോക്താക്കളിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ പൂതുക്കിയ നിരക്കിന് ആനുപാതികമായി നൽകിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരവും ദുർബ്ബല വിഭാഗ പുനരധിവാസ പദ്ധതിപ്രകാരവും ആകെ 19397 വീടുകൾ അനുവദിച്ചിട്ടുണ്ട്. വർഷവും ജില്ലയും തിരിച്ചുള്ള വിവരം അനുബന്ധം -1 ആയി ചേർക്കുന്നു.*

2015-16 ൽ ഭൗതിക ലക്ഷ്യം 5000 ആയി നിശ്ചയിച്ച് ഭവനനിർമ്മാണ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) അനുവദിച്ച വീടുകളിൽ 10818 വീടുകൾക്ക് എല്ലാ ഗഡുക്കളും അനുവദിച്ചിട്ടുണ്ട്. പൂർത്തിയായ വീടുകളുടെ വിവരം അനുബന്ധം-2 ആയി ചേർക്കുന്നു.*

(ഡി)

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2011-12	9000	8986.01
2012-13	10000	9999.85
2013-14	9500	8484.75
2014-15	24000	12381.4
2015-16	18000	2938.50 (മേയ് 2015 വരെ)

2014-15 വർഷം പദ്ധതിക്കായി അനുവദിച്ചിരുന്ന 240 കോടി രൂപയിൽ നിന്നും 80 കോടി രൂപ ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ അധിക സംസ്ഥാന വിഹിതമായി ഗ്രാമവികസന വകുപ്പിനു നൽകുന്നതിനായി ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

പട്ടികജാതിക്ഷേമത്തിനായി ചെലവഴിച്ച തുക

309 (975) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ നാലുവർഷം പട്ടികജാതി ക്ഷേമത്തിനായി, പദ്ധതി, പദ്ധതിയേതര ഇനത്തിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly